സാമൂഹ്യ വനവൽക്കരണത്തിനുവേണ്ടി അനുവദിച്ച തുക

116 (2566) ശ്രീമതി മാലേത്ത് സരളാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വനവൽക്കരണത്തിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം പത്തനംതിട്ട ജില്ലയിൽ എത്ര രൂപ ചെലവാക്കി ;

(ബി) ഈ പണം നല്കിയത് ആർക്കൊക്കെയെന്ന് അറിയിക്കാമോ ;

(സി) ഈ സാമ്പത്തിക വർഷത്തിൽ ഈ കാര്യത്തിനുവേണ്ടി പത്തനംതിട്ട ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 99,09,973 രൂപ ചെലവാക്കി. (തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി എഴുപത്തിമൂന്ന് രൂപ)

(ബി) താഴെപ്പറയുന്ന കൺവീനർമാർക്കാണ് പ്രസ്തുത തുക നല്കിയത്.

1. സി. എൻ. ഗോപാലകൃഷ്ണൻ നായർ
2. പി. പി. ജോസഫ്
3. ആർ. ഉണ്ണികൃഷ്ണപിള്ള
4. പി. ആർ. ശശി
5. അനിൽ കുമാർ

(സി) 2003-04-ൽ 80,00,000 (എൺപത് ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്.

റാന്നി വനം ഡിവിഷനിലെ ചന്ദനമരം കള്ളക്കടത്ത്

117 (2567) ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി വനം ഡിവിഷനിലെ രാജാംപാറ ഫോറസ്റ്റ് സ്റ്റേഷന്റെ മുറ്റത്ത് നിന്നിരുന്ന ചന്ദനമരം എന്നാണ് വനം കൊള്ളക്കാർ മുറിച്ചു കടത്തിയത് ; ഇതിന് എത്ര രൂപയാണ് മതിപ്പു വില നിശ്ചയിച്ചിട്ടുള്ളത് ;

(ബി) മരം കടത്താൻ ഉപയോഗിച്ച വാഹനവും ചന്ദനത്തടിയും പിടിച്ചെടുത്തിട്ടുണ്ടോ ;

(സി) എങ്കിൽ ഏതു വാഹനമെന്നും പിടിച്ചെടുത്ത ചന്ദനത്തടി എത്ര രൂപയ്ക്കുള്ളതായിരുന്നു എന്നും എത്ര കിലോ ഉണ്ടായിരുന്നു എന്നും വ്യക്തമാക്കാമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട കേസ്സിൽ എത്ര പ്രതികളാണ് ഉള്ളതെന്നും അതിൽ എത്രപേരെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly